


# വിശ്വസിക്കാം, നന്ദിയുള്ളവരാകാം...

(ലേവ്യ 19:1 – 4; ഏശയ്യാ 29:19 – 24; 1 തെസ്സ. 2:1 – 12; ലൂക്കാ 17:11 – 19)

ബ്ര. ജെറിൻ ഒരപ്പൂഴിക്കൽ MCBS

Vol. 11, Issue: 12

ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയുടെ വളർച്ചയും ഫലംചൂടലുമെല്ലാം ധ്യാനവിഷയമാക്കുന്ന ഈ കൈത്താക്കാലത്തിൽ അഥവാ ഫലാഗമന കാലത്തിൽ നാം ക്രിസ്തീയപുണ്യങ്ങൾ വളർത്തിയെടുക്കുവാനും അങ്ങനെ അവിടുത്തെ അനുയായികൾക്ക് യോജിച്ച ഫലം പുറപ്പെടുവിക്കാനും ക്രിസ്തു ആഹ്വാനം ചെയ്യുന്നു. ക്രിസ്ത്യാനുയായികളായ നമ്മൾ വളർന്ന് ഫലം ചൂടുന്നതിന് അത്യാവശ്യമായ രണ്ട് ഘടകങ്ങളെയാണ് - ക്രിസ്തീയപുണ്യങ്ങളെയാണ് ഇന്ന് തിരുവചനം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുക. ദൈവത്തിലുള്ള, ദൈവകൃപയിലുള്ള ഉറച്ച വിശ്വാസവും ദൈവാനുഗ്രഹങ്ങളോട് നന്ദി പ്രകടിപ്പിക്കുവാനുള്ള മനോഭാവവും.

തിരുവചനത്തിൽ, സമരിയായിലൂടെ യാത്ര ചെയ്യുന്ന ഈശോ പത്ത് കുഷ്ഠരോഗികളെ കണ്ടുമുട്ടുന്നതും തങ്ങളുടെ ദൃഢവിശ്വാസത്തിലൂടെ അവർ ദൈവകാരുണ്യത്തിനു പാത്രമായി സുഖപ്പെടുന്നതും എന്നാൽ, ഒരുവൻ മാത്രം തിരികെവന്ന് നന്ദി പറഞ്ഞ് ദൈവസ്തുതി അർപ്പിക്കുന്നതുമാണ് നാം കാണുക.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ട്, പിന്നാമ്പുറങ്ങളിൽ വസിക്കാൻ വിധിക്കപ്പെട്ടവരായിരുന്നു കുഷ്ഠരോഗികൾ. കുഷ്ഠരോഗത്തെ കഠിനമായ ദൈവശിക്ഷയായി കരുതിയിരുന്ന യഹൂദസമൂഹത്തിന് കുഷ്ഠരോഗികളോടുള്ള സമീപനം എപ്രകാരമായിരുന്നെന്ന് ലേവ്യരുടെ പുസ്തകം 13: 45 - ൽ നാം കാണുന്നുണ്ട്. ''കുഷ്ഠരോഗി പാളയത്തിനുപുറത്ത് വസിക്കുകയും കീറിയ വസ്ത്രം ധരിക്കുകയും 'അശുദ്ധൻ... അശുദ്ധൻ' എന്ന് വിളിച്ചുപറയുകയും ചെയ്യണം.'' നാം സുവിശേഷത്തിൽ കണ്ടുമുട്ടുന്ന പത്ത് കുഷ്ഠരോഗികളും ഇങ്ങനെ തികച്ചും ദുരിതപൂർണ്ണമായ ജീവിതം നയിക്കാൻ വിധിക്കപ്പെട്ടവരായിരുന്നു. എന്നാൽ, ഈശോ അവരുടെ ഗ്രാമത്തിലൂടെ കടന്നുപോകുമ്പോൾ നിരാശയിൽ കഴിഞ്ഞിരുന്ന അവരുടെ ജീവിതത്തിൽ ഒരു പുത്തൻ വെളിച്ചം കടന്നുവരുന്നു. അകലെയാണ് നിൽക്കുന്നതെങ്കിലും തങ്ങളുടെ വിളി അവൻ കേൾക്കുമെന്ന് അവർ ഉറച്ചു വിശ്വസിച്ചു. അവർ അവനെ ഉച്ചത്തിൽ വിളിച്ചപേക്ഷിച്ചു.

രോഗത്തിന്റെ ക്ലേശങ്ങൾക്കു പുറമേ ഉപേക്ഷിക്കപ്പെട്ടതിന്റെയും ഒറ്റപ്പെടുത്തിലിന്റെയും വേദനയും പേറി ജീവിച്ച അവർ ഈശോയോട് തങ്ങളുടെ രോഗം സുഖപ്പെടുത്തണമേ എന്നല്ല അപേക്ഷിക്കുക. മറിച്ച്, തങ്ങളുടെമേൽ കരുണ തോന്നണമേ എന്നാണ്. കാരണം, കരുണയുടെ ഒരു ചെറുകണിക പോലും കാണാൻ കഴിയാതിരുന്ന ആ സമൂഹത്തിൽ അവർ തേടിയത് കരുണയോടെയുള്ള ഒരു സാമീപ്യമായിരുന്നു. അത് അവർ ഈശോയിൽ ദർശിച്ചു. അവരെ കണ്ട ഈശോ അവർക്ക് ആവശ്യമുള്ളതെന്തെന്ന് അറിഞ്ഞു - സൗഖ്യം എന്ന വലിയ ദാനം. എന്നാൽ, സൗഖ്യമുണ്ടാകട്ടെ എന്ന ഒറ്റവാക്കിൽ, ഒരു സ്പർശനത്തിൽ തൽക്ഷണം ഈശോ അവർക്ക് സൗഖ്യം നൽകുന്നില്ല. പകരം, അവിടുന്ന് അവരോട് ആവശ്യപ്പെടുന്നു: 'പോയി നിങ്ങളെത്തന്നെ പുരോഹിതർക്ക് കാണിച്ചുകൊടുക്കുവിൻ.' കാരണം, ലേവ്യർ 13:39 പ്രകാരം ഒരു കുഷ്ഠരോഗിയുടെ ശുദ്ധി ഉറപ്പുവരുത്തേണ്ടത് പുരോഹിതനാണ്; അവന്റെ സാക്ഷ്യമാണ്.

ആ സമയം തന്നെ, തങ്ങൾ സുഖപ്പെട്ടില്ലെങ്കിലും പത്തുപേരും പുരോഹിതരെ തേടി യാത്രയാകുന്നു. ഈശോയുടെ വാക്കുകളിൽ അവർക്ക് ശങ്കയില്ലെന്നു മാത്രമല്ല, അവർ അവനിൽ പരിപൂർണ്ണമായി വിശ്വസിച്ച് അവൻ പറഞ്ഞത് അനുസരിക്കുന്നു. ഈശോ തങ്ങളെ സുഖപ്പെടുത്തണമെന്ന് അവർക്ക്

തീർച്ചയായിരുന്നു. ആ വിശ്വാസത്തിന്മേലാണ് അവർ യാത്ര യാകുന്നത്. ആ വിശ്വാസം തന്നെയാണ് പോകുംവഴി അവർ സുഖപ്പെടുവാൻ ഇടയാക്കിയത്. ഏലിയാ പ്രവാചകൻ ആവ ശ്യപ്പെടുന്നതനുസരിച്ച് യോർദ്ദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങി കുഷ്ഠരോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കുന്ന നാമാ നെപ്പോലെ (2 രാജാ 5:8 - 18) ഈശോയുടെ വാക്കുകളനുസ രിച്ച് പ്രവർത്തിക്കുന്ന ആ പത്തുപേരും സുഖം പ്രാപിക്കുന്നു. സൗഖ്യത്തിന്റെ വഴിയിൽ അകലം അവർക്ക് ഒരു തടസ്സമായി രുന്നില്ല. ഉറക്കെ അവിടുത്തെ വിളിക്കാൻ അവർ മടിച്ചില്ല. എല്ലാറ്റിലുമുപരി അവൻ സൗഖ്യപ്പെടുത്തുമെന്ന ഉറച്ച വിശ്വാ സവും.

ഈ കുഷ്ഠരോഗികളിൽ പ്രകടമാകുന്ന ഈ വിശ്വാസത്തെ നമ്മിലും വളർത്തിയെടുക്കുവാനാണ് ഇന്ന് തിരുവചനം നമ്മോട് ആവശ്യപ്പെടുന്ന ഒന്നാമത്തെ കാര്യം. കർത്താവിൽ നിന്നും സൗഖ്യം നേടാൻ, അനുഗ്രഹങ്ങൾ പ്രാപിക്കാൻ ആവശ്യമായ നന്മ വിശ്വാസം ഒന്നുമാത്രമാണെന്ന് വചനം നമ്മെ പഠിപ്പിക്കു ന്നു. ആ പത്ത് കുഷ്ഠരോഗികളും വിശ്വാസത്തോടുകൂടി കർ ത്താവിനെ വിളിച്ചു. അത് അവർക്ക് അനുഗ്രഹമായി ഭവിച്ചു. ഇതുപോലെ നമ്മുടെ അനുദിന ജീവിതവഴിത്താരകളിലും ദൈവത്തെ വിളിച്ചപേക്ഷിക്കാനും അവിടുന്ന് ഇടപെടുമെന്ന് ഉറച്ചുവിശ്വസിക്കാനും നാം തയ്യാറാകണം. അപ്പോൾ മാത്രമേ നമ്മുടെ ജീവിതങ്ങളും സൗഖ്യത്തിന്റെ അനുഭവത്തിലേയ്ക്ക് കടന്നുവരികയുള്ളൂ. അനുഗ്രഹങ്ങളിൽ നിറയപ്പെടുകയുള്ളൂ.

വിശ്വാസത്തിൽ വളരുന്നതിനോടൊപ്പം നമ്മുടെ ജീവിതത്തിൽ നാം പരിപോഷിപ്പിക്കേണ്ട മറ്റൊരു പ്രധാന പുണ്യത്തെയാണ് തിരുവചനം രണ്ടാമതായി നമ്മെ ഓർമ്മിപ്പിക്കുക. വിശ്വാസത്തി ന്റെ തന്നെ മറ്റൊരു ഭാവമായ നന്ദി പ്രകടിപ്പിക്കുന്നവരായിത്തീ രുവിൻ. ദൈവത്തോടും സഹചരോടും എപ്പോഴും നന്ദിയുള്ള വരായിരിക്കുവിൻ. ശുദ്ധിയുടെ സർട്ടിഫിക്കറ്റിനായി ഒൻപതു പേരും പുരോഹിതരുടെ പക്കലേയ്ക്ക് ഓടിയപ്പോൾ ഒരുവൻ മാത്രം പിന്നോട്ടോടി. കാരണം, അവന് രോഗശാന്തി വെറും ശാരീ രികം മാത്രമായിരുന്നില്ല. മറിച്ച്, ശരീരത്തിൽ നിന്നും ആത്മാ വിലേയ്ക്ക് പടരുന്ന ദിവ്യാനുഭവമായിരുന്നു. ശക്തനായവൻ തനിക്ക് വലിയ കാര്യങ്ങൾ ചെയ്തുതന്നിരിക്കുന്നു എന്ന വ ലിയ തിരിച്ചറിവിൽ നിന്ന് അവൻ ദൈവത്തെ സ്തുതിക്കുന്നു.

ഈ വിജാതീയനല്ലാതെ മറ്റാർക്കും ദൈവത്തെ മഹത്വപ്പെടു ത്തണമെന്നു തോന്നിയില്ലേ എന്ന ചോദ്യത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തേണ്ടത്, അവിടുത്തെ അനുഗ്രഹങ്ങൾക്ക് നന്ദി പറയേണ്ടത് അവയുടെ സ്വീകർത്താക്കളായ നാമൊക്കെയാ ണ് എന്ന് ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നു. തന്റെ ജീവിതത്തി ലെ സമസ്ത നന്മകൾക്കു പിന്നിലും സർവ്വേശ്വരന്റെ കടാക്ഷ മുണ്ട് എന്ന തിരിച്ചറിവ് ഒരുവനെ നന്ദിയുടെ ജീവിതം നയി ക്കാൻ പ്രേരിപ്പിക്കും. അവനിൽ ഈശോ കുടികൊള്ളുകയും ചെയ്യും. അതിനാലാണ് ഈശോ വി. ജെത്രൂദിനോട് ഇപ്രകാരം പറയുകയുണ്ടായത്: ''നന്ദിയും സ്തുതിയും നിറഞ്ഞ നിന്റെ ഹൃദയത്തിൽ എനിക്ക് പ്രിയങ്കരമായ വാസസ്ഥാനം ഞാൻ കണ്ടെത്തിയിരിക്കുന്നു.''

ദൈവാനുഗ്രഹങ്ങൾ നേടാത്തവരായി നമ്മിൽ ആരുമില്ല. നമ്മു ടെ ജനനം മുതൽ നമുക്ക് സ്വന്തമായുള്ളതെല്ലാം നമ്മുടെ മാതാപിതാക്കൾ, കുടുംബം, മക്കൾ, ജോലി, സ്വത്തുവകകൾ തുടങ്ങി നമ്മുടെ ജീവിതം മുഴുവൻ ദൈവമാണെന്ന് നമുക്ക് തിരിച്ചറിയാം. ഈ തിരിച്ചറിവിൽ നിന്ന് ദൈവത്തിന് നന്ദി പറ യുന്ന, ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു ജീവിതത്തിന് നാം രൂപം നൽകണം. നന്ദിഹീനത ദൈവികസ്നേഹത്തെ അംഗീ കരിക്കുന്നതിലും അവിടുത്തേയ്ക്ക് സ്നേഹത്തിനു പകരം സ്നേഹം നൽകുന്നതിലും വീഴ്ച വരുത്തുന്നു എന്ന് CCC 2094 - ാം നമ്പർ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

ദൈവത്തിന് നന്ദി പറയുന്നതിനോടൊപ്പം തന്നെ നാം സഹോ ദരങ്ങളോടും നന്ദിയുടെ മനോഭാവത്തോടെ വർത്തിക്കേണ്ട തുണ്ട്. വീട്ടിത്തീർക്കാനാവാത്ത അത്രമാത്രം കടങ്ങളുടെയും കടപ്പാടുകളുടെയും മധ്യേയാണ് നാം ജീവിക്കുന്നതെന്ന് തിരി ച്ചറിഞ്ഞ് സഹോദരങ്ങളോടും സഹജീവികളോടും എപ്പോഴും കൃതജ്ഞതാപൂർവ്വം വർത്തിക്കുമ്പോൾ മാത്രമേ ക്രിസ്തീയ ജീവിതത്തിൽ നാം വളർച്ച കൈവരിക്കുയുള്ളൂ. ഇങ്ങനെ ഇന്നത്തെ ഉപഭോഗസംസ്കാരത്തിനെതിരെ ഒരു ഉപകാരസം സ്കാരം രൂപപ്പെടുത്താൻ വചനം നമ്മെ നിർബന്ധിക്കുന്നു. നന്ദിയുടെ കാര്യത്തിൽ പിശുക്ക് കാണിക്കുന്നവരാണ് അല്ലെ ങ്കിൽ താങ്ക്സ് എന്ന പദം ഏറ്റവും കുറച്ച് ഉപയോഗിക്കുന്ന വരാണ് മലയാളികൾ എന്ന് പൊതുവെ പറയാറുണ്ട്. അല്ലെ ങ്കിൽ നന്ദി വെറുംവാക്കിലൊതുക്കാൻ മാത്രം താൽപര്യപ്പെ ടുന്നവർ. എന്നാൽ, അതിനെതിരെ ഒരു പ്രതിസംസ്ക്കാരം വളർത്തിയെടുക്കാൻ ക്രിസ്ത്യാനികളായ നമുക്ക് ചുമതല യുണ്ട്.

മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഫ്രാൻസിസ് പാപ്പ ജസ്യൂട്ട് സഭയുടെ ജനറലേറ്റിലേയ്ക്ക് ഫോൺ വിളിച്ചു. അത് മറ്റൊന്നിനും വേണ്ടിയായിരുന്നില്ല. തന്റെ സഭാധികാരി കൾക്ക് ഒരു നന്ദി പറയുവാൻ. കാരണം, നന്ദിയുടെ ഈ ഭാവ മാണ് ക്രിസ്തുവിന്റെ അനുയായികൾക്കുണ്ടായിരിക്കേണ്ട അടിസ്ഥാനഗുണങ്ങളിലൊന്ന്. ഇന്നത്തെ മറ്റു വായനകളിലും ഇതേ സന്ദേശമാണ് നാം കാണുക. ഏശയ്യാ പ്രവാചകനിലൂടെ തന്നെ മഹത്വപ്പെടുത്താൻ ദൈവം ആവശ്യപ്പെടുന്നു. ''ഞാൻ ജനത്തിനുവേണ്ടി ചെയ്ത പ്രവർത്തികൾ കാണുമ്പോൾ അവ ന്റെ സന്തതി എന്റെ നാമത്തെ മഹത്വപ്പെടുത്തും; നിങ്ങൾ യാക്കോബിന്റെ പരിശുദ്ധനെ മഹത്വപ്പെടുത്തും'' (29:23). തന്റെ രാജ്യത്തിലേയ്ക്കും മഹത്വത്തിലേയ്ക്കും വിളിക്കുന്ന ദൈവത്തിനു യോഗ്യമായ ജീവിതം നയിക്കുക വഴി ജീവിതം തന്നെ കൃതജ്ഞതാ അർപ്പണമായി മാറ്റുവാൻ തെസലോനി ക്കർക്കുള്ള ലേഖനത്തിലൂടെ പൗലോസ് ശ്ലീഹായും ഉദ്ബോ ധിപ്പിക്കുന്നു (1 തെസ. 2:12).

ഏതു പ്രതിസന്ധിഘട്ടത്തിലും ദൈവത്തിലുള്ള വിശ്വാസ ത്തിൽ ഉറച്ചുനിൽക്കാനും അവിടുത്തെ വിളിച്ചപേക്ഷിക്കാനും നമുക്ക് സാധിക്കട്ടെ. നാം പലപ്പോഴും ആലപിക്കാറുള്ളതു പോലെ 'നന്ദി ചൊല്ലിത്തീർക്കുവാനീ ജീവിതം പോരാ...' എന്ന തിരിച്ചറിവിൽ നിന്ന് ദൈവത്തോടും സഹോദരങ്ങളോടും എപ്പോഴും നന്ദിയുടെ മനോഭാവം പുലർത്തുന്ന ജീവിതത്തിന് ഉടമകളായിത്തീരാനും നമുക്ക് പരിശ്രമിക്കാം. ഓരോ ബലിയർ പ്പണവും നമ്മുടെ വിശ്വാസത്തിന്റെ ആഘോഷവും നന്ദിയുടെ അർപ്പണവുമാണ്. യൂക്കരിസ്റ്റ് എന്ന പേരു തന്നെ കൃതജ്ഞ തയെയാണ് സൂചിപ്പിക്കുക. ഈ വിശുദ്ധ ബലിയിൽ പങ്കെടു ക്കുമ്പോൾ നമുക്ക് ദൈവത്തിലുള്ള ഉറച്ച വിശ്വാസം ഏറ്റുപ റയാം. ഒപ്പം അവിടുന്ന് നമ്മുടെ ജീവിതത്തിൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും ചെയ്യാം. ദൃഢവിശ്വാസ ത്തിലും കൃതജ്ഞതാമനോഭാവത്തിലും അടിയുറച്ച ജീവിതം നയിക്കാനുള്ള കൃപയ്ക്കായി സർവ്വേശ്വരനോട് പ്രാർത്ഥിക്കു കയും ചെയ്യാം.